"ഭരണഭാഷ- മാതൃഭാഷ"

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ : അനുപമ.റ്റി.വി I.A.S )**

വിഷയം – വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം – അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്-

പരാമർശം : 1. വനിത ശിശുവികസന ഡയറക്ടറുടെ 11/01/2021 തിയതിയിലെ WCD-E8/12833/2020 നമ്പർ ഉത്തരവ്.

2. സർക്കാർ ഉത്തരവ് സഉ (കൈ) 06/2021/സാനീവ തിയതി 15/02/2021

3. വനിത ശിശുവികസന ഡയറക്ടറുടെ 01/02/2020 തിയതിയിലെ WCD-E7/2178/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ : WCD-E7/5000/21 തീയതി : 17/02/2021**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരിൽ നിന്നാണ് സ്ഥാനക്കയറ്റം നൽകേണ്ടത്.

വകുപ്പ് വിഭജനത്തെത്തുടർന്ന് ഉണ്ടായ ഒരു ഒഴിവും ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്നും ശ്രീമതി.രാജാമണി, ശ്രീ.വി.റ്റി.മോഹനൻ, ശ്രീ.തോമസ് ജേക്കബ് എന്നിവർ വിരമിച്ച ഒഴിവുകളും ചേർത്ത് ആകെ നാല് ഒഴിവുകൾ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുണ്ട്. സൂചന(1) പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിലെ ക്രമ നമ്പർ 1,2,3 സ്ഥാനങ്ങളിലുള്ള ജീവനക്കാരായ ശ്രീമതി.ഉഷ.പി.എസ്, ശ്രീമതി.സതി.കെ, ശ്രീ.ഷിജു.പി.കെ എന്നിവർ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 4 മുതൽ 7 വരെയുള്ള ചുവടെ പറയുന്ന ജീവനക്കാർ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹരാണ്.

ക്രമ നമ്പർ (4) ശ്രീ.ബിനുറോയ്.എൻ.കെ

ക്രമ നമ്പർ (5) ശ്രീമതി.ബിന്ദു.ആർ

ക്രമ നമ്പർ (6) ശ്രീമതി.റസിയ.എൻ

ക്രമ നമ്പർ (7) ശ്രീ.സൈദലവി.എ

പ്രസ്തുത ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് I റൂൾ28 എ(1) പ്രകാരം റീ ഫിക്സേഷൻ ആനുകൂല്യത്തോടെ 29200 – 62400 ശമ്പള സ്കെയിലിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

**ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം | പൂർണ്ണ അധികച്ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാരന്റെ പേര്,തസ്തിക,കാര്യാലയം |
|---|---|---|---|
| 1 | ശ്രീ.ബിനുറോയ്.എൻ.കെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ ഗവ.ചിൽഡ്രൻസ് ഹോം,തിരുവനന്തപുരം. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ഗവ.ഒബ്സർവേഷൻ ഹോം,ആലപ്പുഴ. | ------- |
| 2 | ശ്രീമതി.ബിന്ദു.ആർ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III ഗവ.മഹിളാ മന്ദിരം , തിരുവനന്തപുരം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ഗവ.ഒബ്സർവേഷൻ ഹോം,എറണാകുളം. | ശ്രീമതി.റംലാബി, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ ഗവ.ചിൽഡ്രൻസ് ഹോം,തിരുവനന്തപുരം |
| 3 | ശ്രീമതി.റസിയ.എൻ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III ഗവ.ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട്. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ്), കണ്ണൂർ. | ശ്രീമതി. നാരായണി.പി.എം മേട്രൺ ഗ്രേഡ് I ഗവ.ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട്. |
| 4 | ശ്രീ.സൈദലവി.എ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ ഗവ.ചിൽഡ്രൻസ് ഹോം,കോട്ടയം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ഗവ.ചിൽഡ്രൻസ് ഹോം വയനാട്. | -------- |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും, പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

**(ഒപ്പ്)**

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. ഡയറക്ടറുടെ സി.എ
2. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
4. ജില്ലാ പ്രോഗ്രാം ഓഫീസർമാർ
5. ഡയറക്ടറേറ്റിലെ യൂണിറ്റ് ഓഫീസർമാർ
6. E1 മുതൽ E9 വരെ സെക്ഷനുകൾ
   സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്